website

ICPS4(B)/16899/15

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി:20/08/2016

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് -ICPS- DCPU- അന്യ സംസ്ഥാന കുട്ടികളെ റീപാട്രിയേറ്റ് ചെയ്യുന്നതിനുള്ള തുക വിനിയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1.ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS4/20030/15 തീയതി 28/05/2015

2.തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ DCPO/TSR/1133/15 തീയതി 16/08/2015

വിവിധ സാഹചര്യങ്ങളിലൂടെ സംസ്ഥാനത്ത് എത്തിച്ചേരുന്ന അന്യ സംസ്ഥാന കുട്ടികളെ സ്വദേശത്തേക്ക് റീപാട്രിയേറ്റ് ചെയ്യുവാനുള്ള ചുമതല കേരള ജുവനൈൽ ജസ്റ്റിസ് റൂൾ 2014 ചട്ടം 92(2) പ്രകാരം സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ നിക്ഷിപ്തമാണ്. എന്നാൽ ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം റീപാട്രിയേഷന് വേണ്ടി ഓരോ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിനും പ്രതിവർഷം 4,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകളും പൂർണ്ണമായും പ്രവർത്തന സജ്ജമായ സാഹചര്യത്തിൽ കുട്ടികളുടെ റീപാട്രിയേഷൻ സമയബന്ധിതമായി നടക്കുന്നതിലേക്കായി മേൽ സൂചന (1) പ്രകാരം എല്ലാ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്കും റീപാട്രിയേഷൻ ഫോർ ചിൽഡ്രൻ എന്ന കമ്പോണന്റ്-ൽ തുക അനുവദിച്ചിട്ടുള്ളതാണ്. ആയതിനാൽ ജില്ലകളിൽ അന്യസംസ്ഥാന കുട്ടികളെ റീപാട്രിയേറ്റ് ചെയ്യുന്നതിലേക്ക് ആവശ്യമായി വരുന്ന ചെലവ് പ്രസ്തുത തുകയിൽ നിന്നും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് വിനിയോഗിക്കാവുന്നതാണ്. അധിക തുക ആവശ്യമുള്ള സാഹചര്യത്തിൽ ആയതിലേക്കുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ സമർപ്പിക്കേണ്ടതാണ്.

റീപാട്രിയേഷൻ ഇനത്തിൽ അനുവദിക്കുന്ന അഡ്വാൻസ് തുക യാത്രയ്ക്ക് ശേഷം 10 ദിവസത്തിനുള്ളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ക്രമീകരിച്ച് ഉത്തരവ് നൽകേണ്ടതും റീപാട്രിയേഷനുമായി ബന്ധപ്പെട്ട CWC-യുടെ ഉത്തരവ്, സൂപ്രണ്ടിന്റെ അപേക്ഷ തുടങ്ങി ബന്ധപ്പെട്ട എല്ലാ രേഖകളും ജില്ലാ ശിശു സംരക്ഷണ ഓഫീസർ സൂക്ഷിക്കേണ്ടതുമാണ്.

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:

1.ICPS 4

2.സ്റ്റോക്ക് ഫയൽ